6. പനലൂർ 7 കേസുകൾ എടുത്തിട്ടുണ്ട്.
1. ക്രൈം 65/55 9 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
2. ക്രൈം 88/55 ഒരാളെ അറസ്റ്റുചെയ്ത കേസെടുത്തിട്ടുണ്ട്.
3. ക്രൈം 98/55 3 പേർ ഒരാളെ അറസ്റ്റുചെയ്തിട്ടുണ്ട്.
4. ക്രൈം 102/55 2 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
5. ക്രൈം 104/55 3 പേർ ആരെയും അറസ്റ്റുചെയ്തിട്ടില്ല.
6. ക്രൈം 108/55 ഒരാളെ അറസ്റ്റുചെയ്ത കേസെടുത്തിട്ടുണ്ട്.
7. ക്രൈം 56/55 9 പേർ 3 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

കെ. കെ. റോഡിൽനിന്നു കാഞ്ഞിരപ്പള്ളി ഗവണ്മെന്റ ഹൈസ്കൂളിലേക്കുള്ള അപ്രോച്ചു റോഡ്.

106. [45] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി പറയുമോ :

(എ) കെ. കെ. റോഡിൽ നിന്നു കാഞ്ഞിരപ്പള്ളി ഗവണ്മെന്റ ഹൈസ്കൂളിലേക്കുള്ള അപ്രോച്ചു റോഡു് നന്നാക്കണമെന്നു കാണിച്ചു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) എസ്റ്റിമേറ്റു തയ്യാറാക്കിക്കഴിഞ്ഞു. അടുത്ത ബഡ്ജറ്റിൽ കൊള്ളിച്ചു് വേല നടത്താൻ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

കുറുപ്പുഴ കനാൽ.

107. [48] ശ്രീ. എം എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കുറുപ്പുഴ കനാൽ വെട്ടിത്തുറക്കുന്നതിനു് ഇനിയും എന്തു കാലതാമസം വരും ;

(ബി) കുറുപ്പുഴ തോടു് തുറക്കാത്തതുകൊണ്ടു് വെള്ളം ഇറങ്ങിപോകാൻ നിവൃത്തിയില്ലാതെ കവുയൂർ പകുതിയിലുള്ള വളരെയധികം കരിമ്പുകൃഷി നശിക്കുന്നതായി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ;

(ഡി) കുറുപ്പുഴ പാലത്തിന്റെ അപ്രോച്ചുറോഡു് തീരാത്തതുകൊണ്ടാണോ തോടു തുറക്കാത്തതു് ;

(ഇ) അപ്രോച്ചുറോഡിന്റെ പണി തുടങ്ങിയിട്ടു് എത്ര കാലമായി ;

(എഫ്) അപ്രോച്ചുറോഡിന്റെ നീളം എത്ര ;

(ജി) അതിലേക്കു് എത്ര രൂപ ചെലവാകും ;

LIBRARY ARCHIVES Kerala Legislative Assembly